(എം) എല്ലാ കോർപ്പറേഷനുകളുടെയും മേയർമാരുമായും കൗൺസിലർമാരുമായും ഉദ്യോഗസ്ഥന്മാരുമായും ബന്ധപ്പെട്ട ഗവൺമെന്റ് വകുപ്പുതല ഉദ്യോഗസ്ഥന്മാരുമായും പലതവണ ചർച്ച ചെയ്താണ് വിശദാംശങ്ങൾ തയ്യാറാക്കിയത്. ഓരോ ഘട്ടത്തിലും നഗരസഭാ കൗൺസിലുകളുമായി ചർച്ച നടത്തിയിട്ടുണ്ട്. കരാർ ഔപചാരികമായി ഒപ്പുവെക്കുന്ന മുറയ്ക്ക് ലഭ്യമാക്കാം.

(എൻ) സിവറേജ്-സാനിട്ടേഷൻ ഫീസ് നിലവിലില്ല. എന്നാൽ ഭൂഗർഭ ഡ്രെയിനേജ് നിലവിലുള്ള നഗരസഭാ പ്രദേശങ്ങളിൽ ഡ്രെയിനേജ് ടാക്സ് ഈടാക്കി വരുന്നുണ്ട്. സുസ്ഥിര നഗര വികസന പദ്ധതി പ്രകാരം സ്ഥാപിക്കപ്പെടുന്ന മൂലധന നിക്ഷേപം പരിപാലിക്കുന്നതിനാവശ്യമായ തുക കോർപ്പറേഷനുകൾ കണ്ടെത്തേണ്ടതാണ്. ഇതിനായി ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ കോർപ്പറേഷനുകൾക്ക് അധികാരമുണ്ട്.

(ഒ) ബാധകമല്ല.

(പി) സർക്കാർതലത്തിൽ നിർദ്ദേശമൊന്നും നിലവിലില്ല

(ക്യൂ) ആകെ പ്രോജക്ടിന്റെ ഏകദേശം 30% ആയിരിക്കും സംസ്ഥാനവിഹിതം (പ്രതിരൂപനിധി) എന്ന് പ്രതീക്ഷിക്കുന്നു. ആയതിന്റെ 50% നഗരസഭകൾ തനതു നിധിയിൽ നിന്നോ, അനുവദിക്കപ്പെടുന്ന സാധാരണ പദ്ധതി വിഹിതത്തിൽ നിന്നോ അല്ലെങ്കിൽ രണ്ടിൽനിന്നുംകൂടിയോ കണ്ടെത്തേണ്ടതാണ്. ശേഷിക്കുന്ന 50% തുക സർക്കാർ കണ്ടെത്തുന്നതായിരിക്കും. എ.ഡി.ബി.-യിൽ നിന്നും ഭാരത സർക്കാരിന് ലഭ്യമാക്കുന്ന വായ്പാസഹായം കേരള സർക്കാരിന് നൽകുന്നത് ഏതു വിധമാണോ അതേ വ്യവസ്ഥകൾക്ക് വിധേയമായി ടി തുക 5 മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് കൈമാറുന്നതാണ്. ടി തുക പലിശസഹിതം ഭാരത സർക്കാരിന്/എ.ഡി.ബി.-ക്ക് തിരികെ ഒടുക്കേണ്ട ബാധ്യത കേരള സർക്കാരിനായിരിക്കും. തിരികെ ഒടുക്കുന്നതിന് ആവശ്യമായ തുക പ്രതിവർഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അധിക പദ്ധതി വിഹിതമായി കേരള സർക്കാർ സാധാരണ പദ്ധതി വിഹിതത്തോടൊപ്പം അനുവദിക്കുന്നതാണ്. വായ്പ നിലനിൽക്കുന്ന കാലയളവുവരെ ഈ പ്രക്രിയ തുടരുന്നതാണ്. അധിക പദ്ധതി വിഹിതം അർഹതപ്പെട്ട സാധാരണ വിഹിത ത്തോടൊപ്പം അതാതു കാലയളവിലെ നിബന്ധനകൾക്കനുസൃതമായി ആസൂത്രണ ബോർഡ്/തദ്ദേശ സ്വയംഭരണ വകുപ്പ് 5 കോർപ്പറേഷനുകൾക്കും അനുവദിക്കുന്നതാണ്.

(ആർ) ദ്വിവിധ രീതിയിലുള്ള അക്കൗണ്ടിംഗ് സമ്പ്രദായം (Double entry system) നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ആയത് സംബന്ധിച്ച വിശദാംശങ്ങൾ സാങ്കേതിക സഹായ യൂണിറ്റ് പ്രവർത്തനം തുടങ്ങുമ്പോൾ ലഭ്യമാകുന്നതാണ്.

വിളപ്പിൽശാല ചവർ സംസ്ക്കരണ ഫാക്ടറിയുടെ പ്രവർത്തനം

84 [1023] ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വിളപ്പിൽശാല ചവർ സംസ്ക്കരണ ഫാക്ടറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഫാക്ടറിയുടെ പ്രവർത്തനം ഇടയ്ക്കിടയ്ക്ക് തടസ്സപ്പെടുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിളപ്പിൽശാല ഫാക്ടറിക്ക് മുൻപുണ്ടായിരുന്നതിനേക്കാൾ കൂടുതൽ സ്ഥലം കൂട്ടിച്ചേർത്തിട്ടുണ്ട്. പ്ലാന്റിൽ മാലിന്യം ശേഖരിച്ചതിനുശേഷം വരുന്ന ഇനർട്ട് മേറ്റർ സംസ്ക്കരിക്കുന്നതിന് സാനിട്ടറി ലാന്റ് ഫില്ലിംഗ് നിർമ്മാണം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കുടിവെള്ള വിതരണ പദ്ധതിയുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക

85 [1024] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾ പൊതുടാപ്പുകൾ വഴി നൽകിവരുന്ന കുടിവെള്ള വിതരണ പദ്ധതിയുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശികയായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുടാപ്പുകൾ വഴി നൽകിവരുന്ന കുടിവെള്ള വിതരണ പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും അടയ്ക്കാൻ കഴിയുമോ ; ഇല്ലെങ്കിൽ എന്താണിതിന് കാരണമെന്ന് വിശദീകരിക്കാമോ ;

(സി) പ്രസ്തുത വിഷയത്തെ സംബന്ധിച്ച് 16-11-2005-ന് കണ്ണൂർ ജില്ലയിലെ ചൊക്ലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നൽകിയ നിവേദനത്തിനും പെരിങ്ങളം എം. എൽ. എ. - യുടെ കത്തിനും എന്തൊക്കെ നടപടികൾ എടുത്തു എന്നത് വിശദീകരിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കഴിയും.

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് പെരിങ്ങളം എം.എൽ.എ.-യുടെ 16-11-2005 തീയതിയിലെ കത്തിനോടൊപ്പം ചൊക്ലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ നിവേദനം സർക്കാരിൽ ലഭിച്ചിരുന്നു. പ്രസ്തുത നിവേദനത്തിൽ ഗ്രാമപഞ്ചായത്ത് അടയ്ക്കാനുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശിക തുക സംബന്ധിച്ച വിവരങ്ങൾ പരാമർശിച്ചിട്ടില്ലാത്തതിനാൽ ആയത് അടിയന്തിരമായി സർക്കാരിന് ലഭ്യമാക്കാൻ കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ടി വിവരം സൂചിപ്പിച്ചു കൊണ്ട് എം.എൽ.എ.-യ്ക്ക് ഒരു താൽക്കാലിക മറുപടിയും നൽകിയിരുന്നു. കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട് സർക്കാരിന് ഇതുവരെയായി ലഭ്യമാകാത്തതിനാൽ ആയത് അടിയന്തിരമായി ലഭ്യമാക്കാൻ കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് ഓർമ്മക്കുറിപ്പും നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

GPM. 2/153/2013—16

LIBRARY ARCHIVES Kerala Legislative Assembly